സബ് ഇൻസ്പെക്ടർ നിയമനം

270 (247) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (ജി.ഇ.) റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച 339 പേർക്ക് നിയമനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സബ് ഇൻസ്പെക്ടർ നിയമനം നടത്തുന്നതിൽ തടസ്സമില്ലായെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുൻ ഡി.ജി.പി കത്ത് (ഇ.2/5923/2012 തീയതി 16-2-2015) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ഒന്നര വർഷത്തിന് ശേഷം ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ നൽകിയശേഷം കോടതികളിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2013 -ൽ നിലവിൽ വന്ന എസ്.ഐ. റാങ്ക് പട്ടികയിൽ നിന്നും ആദ്യ ബാച്ചിലേക്ക് 292 പേരെ കോടതികളിൽ കേസ്സ് നിലനിന്നിരുന്നതിനാൽ കണ്ടീഷണൽ പോസ്റ്റിംഗ് (ബോണ്ട് നൽകി) ആയി നിയമനം നൽകിയ കീഴ്വഴക്കം പോലെ അഡ്വൈസ് മെമ്മോ ലഭിച്ച 339 പേർക്കും നിയമനം നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കത്ത് നമ്പർ RIC (1) 16113/13/GW തീയതി 11-11-2015 പ്രകാരം പി.എസ്.സി. 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞവയിൽ 84 ഒഴിവുകൾ മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ്. നിലവിലുള്ള 84 ഒഴിവുകളിൽ ടെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അധിക ഒഴിവുകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) OP(KAT)200/2014-ൽ 26-8-2014 തീയതിയിലെ ഹൈക്കോടതി ഉത്തരവ് പ്രകാരം 137 എസ്.ഐ. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. എന്നാൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ അധിക ഒഴിവുകൾ (Excess vacancy) ആയതിനാലാണ് കോടതിവിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ പിന്നീട് സർക്കാർ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയത്. അത് പ്രകാരമാണ് സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-ൽ നിലവിൽ വന്ന എസ്.ഐ.(ജി.ഇ.) റാങ്ക് ലിസ്റ്റിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിൽ അന്ന് കേസ്സുകൾ നിലവിലുണ്ടായിരുന്നു. മാത്രമല്ല നിയമന നിർദ്ദേശം ലഭിച്ച പലരുടെയും നിയമനം തന്നെ തടസ്സപ്പെടാൻ ഇടയുണ്ടായിരുന്നതിനാലാണ് അന്ന് കണ്ടീഷണൽ പോസ്റ്റിംഗ് നൽകിയത്. ആയത് ഒരു കീഴ്വഴക്കമല്ല. മാത്രമല്ല അന്ന് റിപ്പോർട്ട് ചെയ്ത 292 ഒഴിവുകളും വകുപ്പിൽ നിലവിലുള്ളവ ആയിരുന്നു. എന്നാൽ ഇപ്പോൾ നിയമന നിർദ്ദേശം ലഭിച്ചിട്ടുള്ള 339 ഒഴിവുകളിൽ 84 എണ്ണം മാത്രമേ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ്. നിലവിലുള്ള 84 ഒഴിവുകളിൽ ടെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മറ്റുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

എസ്.ഐ.-മാരുടെ ബ്യൂറോ ഓഫ് എമിഗ്രേഷനിലെ ഡെപ്യൂട്ടേഷൻ

271 (248) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് എസ്.ഐ.-മാരിൽ നിന്നും ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് 100 സബ് ഇൻസ്പെക്ടർമാരെ ഡെപ്യൂട്ടേഷനിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ എസ്.ഐ.- മാരെ അയയ്ക്കുന്നത് ജനറൽ എക്സ്ക്യൂട്ടീവിൽ നിന്നാണോ; ഡിസ്ട്രിക്ട് ആംഡ് റിസർവ്വിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ;

(സി) 100 എസ്.ഐ.-മാർ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ പോലീസ് സേനയിൽ ഉണ്ടാകുന്ന കുറവ് എപ്രകാരമാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് ഡെപ്യൂട്ടേഷനിൽ പോകാൻ താൽപ്പര്യം പ്രകടിപ്പിക്കുന്ന എസ്.ഐ. (ജി.ഇ./ആർ.എസ്.ഐ./ എ.പി.എസ്.ഐ)മാരുടെ വിവരങ്ങൾ സംസ്ഥാന പോലീസ് മേധാവി ബ്യൂറോ ഓഫ് എമിഗ്രേഷന് അയച്ചു കൊടുക്കും. അതിൽ നിന്ന് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് ബ്യൂറോ ഓഫ് എമിഗ്രേഷൻ അധികാരികളാണ്.

(സി) നേരിട്ട് നിയമനം ലഭിച്ച എസ്.ഐ.(ജി.ഇ.)-മാർ 6 മാസത്തിൽ കൂടിയ കാലാവധിയിൽ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly